**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1912** **29-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ വ്യവസായവുമായി ബന്ധപ്പെട്ട് 2018-19, 2019-20 വർഷങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്; പ്രസ്തുത സൂചിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2018-19- ൽ നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ വ്യവസായവുമായി ബന്ധപ്പെട്ട സൂചകങ്ങൾ ലക്ഷ്യം 9-ലും 2019-20-ൽ ലക്ഷ്യം 8, ലക്ഷ്യം 9 എന്നിവയിലും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് . ആയവയുടെ 2018-19, 2019-20 വർഷങ്ങളിലെ സുസ്ഥിര വികസന സൂചികയിലെ സ്ഥാനങ്ങൾ ചുവടെ ചേർക്കുന്നു. ലക്ഷ്യം 2018-19 2019-20 സ്കോർ റാങ്ക് സ്കോർ റാങ്ക് ലക്ഷ്യം 8 -- -- 61 23 ലക്ഷ്യം 9 68 2 88 1 2019-20ൽ ലക്ഷ്യം 8-ൽ വ്യവസായവുമായി ബന്ധപ്പെട്ട് പരിഗണിക്കുന്ന 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സ്കോർ' എന്ന സൂചകം കണക്കാക്കുന്നത് മിനിസ്ട്രി ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് എന്ന കേന്ദ്ര മന്ത്രാലയം തയ്യാറാക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിലെ കേരളത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സ്കോർ അടിസ്ഥാന പ്പെടുത്തിയാണ്. എന്നാൽ 2020-21 മുതൽ കേരളത്തിന്റെ ഫീഡ്ബാക്ക് സ്കോർ ആണ് സൂചകത്തിന് കണക്കാക്കുന്നത്. ലക്ഷ്യം 9ൽ വ്യവസായവുമായി ബന്ധപ്പെട്ട 4 സൂചകങ്ങളും ആയത് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു. സൂചകം മാനദണ്ഡം ലീഡ്സ് ഇൻഡക്സിലെ സ്കോർ മിനിസ്ട്രി ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് തയ്യാറാക്കുന്ന ലീഡ്സ് ഇൻഡക്സ് റിപ്പോർട്ടിലെ കേരളത്തിന്റെ സ്കോർ പരിഗണിക്കുന്നു Percentage Share of GVA സൂചകം കണക്കാക്കുന്നതിനുള്ള ഡാറ്റ MoSPI യുടെ ഡാറ്റാബേസിൽ in manufacturing to total GVA നിന്നാണ് ശേഖരിക്കുന്നത്. Manufacturing employment as a percentage Periodic Labours Force Survey (PFLS) ൽ നിന്നുള്ള ഡാറ്റ of total employment (ഉൽപ്പാദന മേഖലയിലെ അടിസ്ഥാനമാക്കി തൊഴിലവസരങ്ങളുടെ |

| | | | |
|---|---|---|---|
| | | | അനുപാതം മൊത്തം തൊഴിലവസരങ്ങളുമായി തട്ടിക്കുമ്പോൾ) Innovation Score as per Innovation index നീതി ആയോഗ് തയ്യാറാക്കുന്ന Innovation Index ലെ കേരളത്തിന് ലഭിച്ച സ്കോർ പരിഗണിക്കുന്നു |
| (ബി) | രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടിക തയ്യാറാക്കുന്നത് ആരാണ്; ഇതിനായി ഇവർ എന്തൊക്കെ കാര്യങ്ങളാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്ക് നിർണ്ണയിക്കുന്നത്. വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും ആവശ്യമായ അനുമതികളും ലൈസൻസുകളും സമയ ബന്ധിതമായും സുതാര്യമായും ലഭ്യമാക്കുക, സംരംഭകർക്ക് വകുപ്പുകൾ നൽകുന്ന സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുക, ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കുക, സംരംഭകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകൾ സമർപ്പിക്കുന്നതിനും, ഫീസ് അടയ്ക്കുന്നതിനും അനുമതികൾ ഡൗൺലോഡ് ചെയ്യുന്നതിനും വേണ്ട നിർദേശങ്ങൾ വകുപ്പുകളുടെ വെബ്സൈറ്റ് വഴി നൽകുക, നടപടിക്രമങ്ങൾ ലഘൂകരിക്ക ന്നതിനുള്ള ചട്ടങ്ങളിലെ ഭേദഗതികൾ കൊണ്ടുവരുക എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്കും സംരംഭകരുടെ ഇടയിൽ ഡി.പി.ഐ.ഐ.ടി. നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലുമാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം നിർണ്ണയിക്കുന്നത്. |
| (സി) | ഇതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച് കേരളം എന്തെങ്കിലും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | 2020 ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരവും ജനസംഖ്യ അധിഷ്ഠിതവും പാരിസ്ഥിതികവുമായ ആവാസവ്യവസ്ഥയിൽ നിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ / കേന്ദ്ര ഭരണ പ്രദേശങ്ങളെ ഒറ്റ അളവ് കോൽ (single yardstick) ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ല എന്ന് കാട്ടി സംസ്ഥാനം പല തവണ DPIIT യുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. |
| (ഡി) | വിയോജിപ്പുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനം DPIIT യുടെ ശ്രദ്ധയിൽ പെടുത്തിയ വിയോജിപ്പുകളിന്മേൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ